## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1626** **02-02-2024 - ൽ മറുപടിയ്ക്ക്**

## കാർഷിക മേഖലയിൽ ലോകബാങ്ക് സഹായത്തോടെ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലോകബാങ്ക് സഹായത്തോടെ കാർഷിക മേഖലയിൽ ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (എ) | ഉണ്ട്. സംസ്ഥാനത്ത് കാർഷിക മേഖലയിൽ ലോകബാങ്ക് ധനസഹായത്തോടെ കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർധിത പദ്ധതി KERA – (Kerala Climate Resilient Agri Value Chain Modernization Project) ആവിഷ്കരിച്ചിട്ടുണ്ട്. ചെറുകിട കർഷകർക്കും കാർഷികാധിഷ്ഠിത Micro Small Medium Enterprises (MSME) കൾക്കും ഭക്ഷ്യമേഖലയിലെ വാണിജ്യവത്ക്കരണം, കാർഷിക വിതരണ ശൃംഖലകളുടെ നവീകരണം, കാലാവസ്ഥയെ പ്രതിരോധിക്കുന്നരീതികൾഎന്നിവഅവലംബിച്ച് കൃഷിയിലും അനുബന്ധമേഖലയിലും നിക്ഷേപം നടത്തി പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ഊർജിതപ്പെടുത്തുകയാണ് ഈ പദ്ധതി മുഖേന പ്രധാനമായും ലക്ഷ്യമിടുന്നത്. അഞ്ചു വർഷത്തെ പദ്ധതി കാലയളവിൽ മൊത്തം പദ്ധതി ചെലവ് 285 ദശലക്ഷം ഡോളറാണ്. അതിൽ 200 ദശലക്ഷം ഡോളർ ലോകബാങ്ക് വിഹിതവും, 85 ദശലക്ഷം ഡോളർ സംസ്ഥാന വിഹിതവുമാണ്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**ഘടകം 1 : കൃഷിയിലെ കാലാവസ്ഥാ പ്രതിരോധവും ലഘൂകരണവും**<br><br>• കൃഷിഭവനുകൾ മുഖാന്തരം അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളിൽ (AEU) കാലാവസ്ഥാമാറ്റ പ്രതിരോധ സ്മാർട്ട്കൃഷി (Climate Smart Agriculture - CSA) സ്വീകരിക്കുന്നതിന്പിന്തുണനൽകുക.<br><br>കർഷകർക്ക് മെച്ചപ്പെട്ട കാലവസ്ഥാ പ്രതിരോധ സേവനങ്ങൾ എത്തിക്കുന്നതിന് വിജ്ഞാന വ്യാപന, ഉപദേശക സേവന ദാതാക്കളുടെ ശേഷി വർദ്ധിപ്പിക്കൽ. |

- അഗ്രോ ഇക്കോളജിക്കൽ യൂണിറ്റ് (AEU) തലത്തിൽ കാർഷിക കാലാവസ്ഥാ സംവിധാനത്തിന്റെഉപയോഗ ക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നിരീക്ഷണ സംവിധാനങ്ങൾക്ക് വേണ്ടുന്ന ഘടകങ്ങൾക്കുള്ള സഹായം.
- മെച്ചപ്പെട്ട ജല ഉപയോഗ ക്ഷമതക്കും, കാർബൺ ബഹിർഗമനംകുറയ്ക്കുന്നതിനുമായി ലോ കാർബൺ നെൽകൃഷി സ്വീകരിക്കുക.

**ഘടകം 2 : പ്രാദേശികസാമ്പത്തികവികസനംലക്ഷ്യമാക്കിമൂല്യ വർദ്ധനയ്ക്കായി ചെറുകിടകാർഷിക വാണിജ്യവൽക്കരണം വർദ്ധിപ്പിക്കുക.**

- കർഷകർക്കും/കർഷക ഗ്രൂപ്പുകൾക്കും അഗ്രി ബിസിനസിനുമിടയിൽ സുസ്ഥിര ഉൽപാദനസഖ്യങ്ങളുടെ (Productive Alliances) രൂപീകരണം.
- സംസ്ഥാനത്ത് തെരഞ്ഞെടുത്ത തോട്ടവിളകളുടെ (റബർ, ഏലം, കാപ്പി) പുനരുജ്ജീവനം.
- നയപരമായ പരിഷ്കാരങ്ങൾ, കൃഷിയ്ക്കുള്ള ഭൂമി ലഭ്യത വർദ്ധിപ്പിക്കൽ എന്നിവയിലൂടെ ഉത്പാദനക്ഷമത മെച്ചപ്പെടുത്തൽ.

**ഘടകം 3 : FPO, FPC, അഗ്രി ബിസിനസ്സ്, അഗ്രി സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ കാർഷിക മേഖലയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്നിവയുടെ ശാക്തീകരണം**

- കേരളത്തിലെ FPO,FPC, കാർഷിക ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമതയും വളർച്ചയും വർദ്ധിപ്പിക്കുക.
- അഗ്രി സ്റ്റാർട്ടപ്പുകളുടെ ടെക്നോളജി ഇൻക്യുബേഷന് വേണ്ടിയിട്ടുള്ള കൈത്താങ്ങ്.

അഗ്രിപാർക്കുകൾക്കുള്ള സഹായം.

സെക്ഷൻ ഓഫീസർ